കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്.

* 50. [55] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി തരുമോ:

(എ) നമ്മുടെ രാജ്യത്തെ കാർഷികോൽപ്പന്നങ്ങൾക്ക് വൻതോതിലുള്ള വിലയിടിവ് ഉണ്ടായിട്ടുള്ളതിന്റെ ഫലമായി പ്രത്യേകിച്ചു നാട്ടിൻപുറങ്ങളിൽ സാമ്പത്തികത്തകർച്ച ബാധിച്ചിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കഷ്ടപ്പാടു പരിഹരിക്കാൻ ഏറ്റവും കൂടുതൽ വിലയിടിവു ബാധിച്ചിട്ടുള്ള കാർഷികോൽപ്പന്നങ്ങൾക്ക് മിനിമം പ്രൈസ് (Floor Price) നിശ്ചയിച്ചുകൊണ്ട് കൃഷിക്കാർക്ക് സബ്സിഡി കൊടുക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിക്കുമോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രഗവണ്മെന്റിനോട് നിവേദനം നടത്തുകയും, സഹായം ആവശ്യപ്പെടുകയും ചെയ്യാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലമാറ്റങ്ങളെ ഗവണ്മെന്റ് എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്;

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിലമാറ്റങ്ങളെപ്പറ്റി ഗവണ്മെന്റ് കാര്യമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്;

(സി) കേന്ദ്രഗവണ്മെന്റ് കാർഷികോൽപ്പന്നങ്ങളുടെ വിലമാറ്റങ്ങളെപ്പറ്റി ആലോചിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

നിർബ്ബന്ധിതവിദ്യാഭ്യാസമേഖല.

* 51. [56] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

നിർബ്ബന്ധിതവിദ്യാഭ്യാസമേഖലയായി ഈ വർഷം ഏതെങ്കിലും താലൂക്കും ഉൾപ്പെടുത്തി പ്രഖ്യാപിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇല്ല. എന്നാൽ അടുത്ത അഞ്ചു കൊല്ലത്തിനകം ബാക്കിയുള്ളതാലൂക്കുകളിലും നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കുന്നതിനു രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഒരു സ്കീം ഉൾപ്പെടുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ പുനഃസംഘടന

* 52. [57] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ പുനഃസംഘടനയെ തുടർന്ന് എത്ര പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly